**<u>സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം തടയുന്നതിനായി വിവിധ വകുപ്പുകളും ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവികളും മറ്റ് വകുപ്പ് മേധാവികളും നടപ്പിലാക്കേണ്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ</u>**

സൂചന : കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 15.04.2020, 16.04.2020, 19.04.2020, 21.04.2020 തീയതികളിലെ 40-3/2020-ഡി.എം-1(എ) നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കാലാകാലങ്ങളിൽ തീരുമാനിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

ലോക്ക്ഡൗൺ കാലയളവിൽ ഏതെല്ലാം പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതാണ് എന്നുള്ളത് തീരുമാനിക്കാൻ സംസ്ഥാനത്തിലെ ജില്ലകൾ താഴെ പറയുന്ന രീതിയിൽ വിഭജിച്ചിരിക്കുന്നു.

| വിഭാഗം | ജില്ല |
|---|---|
| ചുവപ്പ് | കാസറഗോഡ്<br>കണ്ണൂർ<br>കോഴിക്കോട്<br>മലപ്പുറം |
| ഓറഞ്ച് | പത്തനംതിട്ട<br>എറണാകുളം<br>കൊല്ലം<br>തിരുവനന്തപുരം<br>പാലക്കാട്<br>വയനാട്<br>തൃശ്ശൂർ<br>കോട്ടയം<br>ഇടുക്കി<br>ആലപ്പുഴ |
| പച്ച | ഇല്ല |

**1. ലോക്ക്ഡൗൺ കാലപരിധി ദീർഘിപ്പിച്ച സാഹചര്യത്തിൽ 2020 മേയ് 3, 24:00 hrs വരെ ചുവടെപ്പറയുന്ന പ്രവർത്തികൾ സംസ്ഥാനത്ത് ഭാരത സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം <u>തുടർന്നും അനുവദനീയമല്ലാത്തതാകുന്നു.</u>**

1.1 ആരോഗ്യ-മൃഗസംരക്ഷണ പ്രവർത്തകർ, ശാസ്ത്രജ്ഞർ, പാരാമെഡിക്കൽ ജീവനക്കാർ, നേഴ്സുമാർ, ലാബ്ടെക്നീഷ്യൻമാർ, മിഡ് വൈഫുമാർ, മറ്റ് ആശുപത്രി സഹായ സേവനങ്ങൾ ആംബുലൻസുകൾ ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവ ഒഴികെയുള്ളവരുടെ ആഭ്യന്തര-അന്താരാഷ്ട്ര വിമാനയാത്രകൾ

1.2 സുരക്ഷാകാര്യങ്ങൾക്കൊഴികെയുള്ള തീവണ്ടി യാത്രകൾ

1.3 എല്ലാ വിധത്തിലുമുള്ള അന്തർ ജില്ലാ പൊതുഗതാഗത സംവിധാനങ്ങൾ

1.4 മെട്രോ റെയിൽ സേവനങ്ങൾ

1.5 ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായിട്ടുള്ള ആവശ്യങ്ങൾക്കും ആരോഗ്യ കാരണങ്ങൾക്കും ഒഴികെ വ്യക്തികൾ നടത്തുന്ന അന്തർജില്ലാ, അന്തർസംസ്ഥാന യാത്രകൾ

1.6 എല്ലാ വിദ്യാഭ്യാസ, പരിശീലന സ്ഥാപനങ്ങളും സമാന സംവിധാനങ്ങളും

1.7 ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായിട്ടുള്ളവ ഒഴികെയുള്ള വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങൾ.

1.8 ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായിട്ടുള്ളവ ഒഴികെയുള്ള ആതിഥേയ സേവനങ്ങൾ

1.9 ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള ടാക്സി-വാടക വാഹന സേവനങ്ങൾ

1.10 സിനിമാശാലകൾ, മാളുകൾ, ഷോപ്പിങ്ങ് കേന്ദ്രങ്ങൾ, ജിംനേഷ്യങ്ങൾ, കായികകേന്ദ്രങ്ങൾ, നീന്തൽ കുളങ്ങൾ, വിനോദ പാർക്കുകൾ, നാടക ശാലകൾ, ബാറുകൾ, ഹാളുകൾ, ആഡിറ്റോറിയങ്ങൾ മുതലായവ

1.11 സാമൂഹ്യ, രാഷ്ട്രീയ, കായിക, വിനോദ, വിദ്യാഭ്യാസ, സാംസ്കാരിക, ആത്മീയ കൂട്ടായ്മകളും മറ്റ് കൂടിച്ചേരലുകളും

1.12 മതസ്ഥാപനങ്ങളിലും ആരാധനാലയങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. മതപരമായ കൂടിച്ചേരലുകൾ കർശനമായി നിരോധിച്ചിരിക്കുന്നു

1.13 ശവസംസ്കാരം, വിവാഹം തുടങ്ങിയ ചടങ്ങുകൾക്ക് 20 പേരിൽ കവിഞ്ഞുള്ള ആൾക്കൂട്ടം അനുവദിക്കുന്നതല്ല

മേൽപ്പറഞ്ഞതിനു പുറമെ ഹോട്ട്സ്പോട്ടുകളുടെ അതിർത്തികളിൽ അവശ്യസാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണത്തിനു മാത്രമായി പരമാവധി രണ്ട് പ്രവേശന/നിർഗ്ഗമന മാർഗ്ഗങ്ങൾ നിജപ്പെടുത്തുന്നതാണ്.

**2. ഓറഞ്ച്, പച്ച ജില്ലകളിൽ ഹോട്ട്സ്പോട്ടുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ 2020 ഏപ്രിൽ 23, 24:00hrs മുതൽ താഴെ പറയുന്ന പ്രവർത്തികൾ അനുവദനീയമാണ്. ചുവപ്പ വിഭാഗം ജില്ലകളിൽ ലോക്ക്ഡൗൺ 2020 മെയ് 3, 24.00hrs വരെ തുടരുന്നതാണ്. എന്നാൽ ചുവപ്പ് വിഭാഗം ജില്ലകളിൽ ഹോട്ട്സ്പോട്ട് ഒഴികെയുള്ള സ്ഥലങ്ങളിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഏതെല്ലാം അനുവദിക്കണമെന്ന് തീരുമാനിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.**

2.1 ചുവടെപ്പറയുന്ന എല്ലാ ആരോഗ്യ സേവനങ്ങളും (ആയുഷ് ഉൾപ്പെടെയുള്ള) പ്രവർത്തിക്കുന്നതായിരിക്കും

2.1.1 ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ക്ലീനിക്കുകൾ, ടെലിമെഡിസിൻ സംവിധാനങ്ങൾ

2.1.2 ഡിസ്പൻസറികൾ, കെമിസ്റ്റുകൾ, ഫാർമസികൾ, ജൻഔഷധി കേന്ദ്രങ്ങൾ അടക്കമുള്ള എല്ലാ മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ ഉപകരണ സ്ഥാപനങ്ങൾ

2.1.3 മെഡിക്കൽ ലബോറട്ടറികളും കളക്ഷൻ സെന്ററുകളും

2.1.4 ഫാർമസ്യൂട്ടിക്കലുകൾ, മെഡിക്കൽ ഗവേഷണ ലാബുകൾ, കോവിഡ്-19 സംബന്ധമായ ഗവേഷണങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ

2.1.5 മൃഗാശുപത്രികളും ഡിസ്പൻസറികളും മൃഗസംരക്ഷണ ക്ലീനിക്കുകളും പത്തോളജി ലാബുകളും -മരുന്നുകളുടെയും വാക്സിനുകളുടെയും വിൽപ്പനയും വിതരണവും

2.1.6 ഹോം കെയർ പ്രൊവൈഡേഴ്സ്, പരിശോധനകൾ, ആശുപത്രികൾക്കുള്ള വിതരണശൃംഖല തുടങ്ങി കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ അവശ്യസേവനങ്ങൾ ലഭ്യമാക്കുന്നതോ ആയ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ

2.1.7 മരുന്നുകൾ, ഔഷധ നിർമ്മാണ-വിതരണ കേന്ദ്രങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ ഓക്സിജൻ, അവയുടെ പാക്കിംഗ് സാമഗ്രികൾ, അസംസ്കൃത വസ്തുക്കൾ മുതലായവയുടെ നിർമ്മാണവും വിതരണവും

2.1.8 ആംബുലൻസുകൾ ഉൾപ്പെടെയുള്ള ആരോഗ്യ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തികൾ

2.1.9 ആരോഗ്യ-മൃഗസംരക്ഷണ പ്രവർത്തകർ, ശാസ്ത്രജ്ഞർ, പാരാമെഡിക്കൽ ജിവനക്കാർ, നേഴ്സുമാർ, ലാബ്ടെക്നീഷ്യൻമാർ, മിഡ് വൈഫുമാർ, ആംബുലൻസുകൾ ഉൾപ്പെടെയുള്ള ആരോഗ്യ-ചികിത്സാ സംവിധാനങ്ങൾ, എന്നിവയുടെ അന്തർജില്ലാ, അന്തർസംസ്ഥാന യാത്രകൾ (വിമാനയാത്രകൾ ഉൾപ്പെടെ)

2.1.10 എല്ലാ വകുപ്പുകളും, തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളും നടത്തുന്ന മഴക്കാലപൂർവ്വ ശുചീകരണവും ബന്ധപ്പെട്ട പ്രവർത്തനങ്ങളും

## 2.2. ചുവടെപ്പറയുന്ന എല്ലാ കാർഷിക-ഹോർട്ടികൾച്ചർ പ്രവർത്തികളും

2.2.1 കൃഷിക്കാരും കർഷകത്തൊഴിലാളികളും നടത്തുന്ന കാർഷികവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും. എല്ലാ ആരോഗ്യ പ്രോട്ടോക്കോളുകളും പാലിച്ചുകൊണ്ടുള്ള ജലസേചനം, തോടുകൾ വൃത്തിയാക്കലും നന്നാക്കലും എന്നീ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടും

2.2.2 കാർഷിക/പുഷ്പഫല ഉൽപ്പന്നങ്ങളുടെ സംഭരണ, വ്യാപാര, വിതരണ പ്രവർത്തനങ്ങളിൽ (താങ്ങുവില നിർണ്ണയം ഉൾപ്പെടെ) ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ

2.2.3 നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും കൃഷി വകുപ്പ് വഴിയും കർഷകക്ഷേമ സൊസൈറ്റികൾ വഴിയും നടത്തുന്ന എല്ലാ കാർഷിക പ്രവർത്തനങ്ങളും മൊത്ത വ്യാപാര ചന്തകളും

2.2.4 കാർഷികോപകരണങ്ങളും, അനുബന്ധ ഘടകങ്ങളും വിൽക്കുകയും നന്നാക്കുകയും ചെയ്യുന്ന കടകൾ (വിതരണശൃംഖല ഉൾപ്പെടെ)

2.2.5 കാർഷികോപകരണങ്ങൾ വാടക വ്യവസ്ഥയിൽ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ

2.2.6 രാസവളങ്ങൾ, കീടനാശിനികൾ, വിത്തുകൾ, കമ്പോസ്റ്റ് ഉൾപ്പെടെയുള്ള ജൈവവളം മുതലായവയുടെ നിർമ്മാണവും വിതരണവും വിൽപ്പനയും

2.2.7 കൊയ്ത്ത് യന്ത്രങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉപകരണങ്ങളുടെ സംസ്ഥാന അന്തർ സംസ്ഥാന ഗതാഗതം

2.2.8 സംസ്കരിച്ച കാർഷികോൽപ്പന്നങ്ങളുടെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള പാചക എണ്ണകളുടെയും ഉൽപ്പാദനവും നീക്കവും

2.2.9 പഴങ്ങളുടെയും പച്ചക്കറികളുടെയും അന്തർജില്ലാ, അന്തർസംസ്ഥാന നീക്കം

2.2.10 കാർഷികോൽപ്പന്നങ്ങളുടെയും ഭക്ഷ്യധാന്യങ്ങളുടെയും പ്രാദേശിക സംസ്കരണ/മൂല്യ വർദ്ധന യൂണിറ്റുകൾ (അരിമില്ലുകൾ ഉൾപ്പെടെയുള്ളവ)

2.2.11 മഴക്കാലപൂർവ്വ കാർഷിക തയ്യാറെടുപ്പുകൾ

2.2.12 വനമേഖലകളിലുള്ള പട്ടിക വർഗ്ഗക്കാരും മറ്റു വനവാസികളും നടത്തുന്ന ചെറുകിട വന ഉൽപ്പന്നങ്ങളുടെയും തടിയല്ലാത്ത വനവിഭവങ്ങളുടെയും ശേഖരണവും വിളവെടുപ്പും സംസ്കരണവും

2.2.13 കയറ്റുമതിയും ഇറക്കുമതിയുമായി ബന്ധപ്പെട്ട വിത്തുകളുടെയും ഫലങ്ങളുടെയും പരിശോധനയും സംസ്കരണവും പാക്കിങ്ങും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും

2.2.14 കൃഷി മേഖലയിലും ഹോർട്ടികൾച്ചർ മേഖലയിലും പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ

2.2.15 തേനീച്ച വളർത്തലും തേൻ കൃഷിയുമായി ബന്ധപ്പെട്ട സാധനങ്ങളുടെ അന്തർജില്ലാ, അന്തർസംസ്ഥാന നീക്കം

## 2.3. മത്സ്യ ബന്ധനം

2.3.1 സമുദ്ര-ഉൾനാടൻ മത്സ്യ ബന്ധനവും മത്സ്യകൃഷി വ്യവസായവും (പരിപാലനം, വിളവെടുപ്പ്, സംസ്കരണം, പാക്കിംഗ്, ശീതീകരണം, വിതരണം, വിൽപ്പന എന്നിവയുൾപ്പെടെ)

2.3.2 ഹാച്ചറികൾ, ഫീഡ് പ്ലാന്റ്സ്, വാണിജ്യ അക്വോറിയങ്ങൾ

2.3.3 മത്സ്യം/ചെമ്മീൻ പിടുത്തം, മത്സ്യ ഉൽപ്പന്നങ്ങൾ, മത്സ്യത്തിന്റെ വിത്ത് / തീറ്റ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾ

## 2.4. തോട്ടങ്ങൾ

2.4.1 തേയില, കോഫി, ഏലം, റബ്ബർ, കശുവണ്ടി മറ്റ സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ തോട്ടങ്ങൾ (പരമാവധി 50% തൊഴിലാളികളുമായി മാത്രം)

2.4.2 തേയില, കോഫി, ഏലം, റബ്ബർ, കശുവണ്ടി എന്നിവയുടെ വിളവെടുപ്പ്, പ്രോസസിങ്ങ്, പാക്കിംഗ്, വിൽപ്പന, വിപണനം എന്നിവ (പരമാവധി 50% തൊഴിലാളികളുമായി മാത്രം)

2.4.3 മുള, നാളികേരം, പാക്ക്, കൊക്കോ, തുടങ്ങിയവയുടെ തോട്ടങ്ങളും, വിളവെടുപ്പ്, പ്രോസസിങ്ങ്, പാക്കിംഗ്, വിൽപ്പന, വിപണനം തുടങ്ങിയവ (പരമാവധി 50% തൊഴിലാളികളുമായി മാത്രം)

## 2.5. മൃഗസംരക്ഷണം

2.5.1 ക്ഷീരസംസ്കരണ പ്ലാന്റുകൾ വഴിയുള്ള പാൽ/പാലുൽപന്നങ്ങൾ എന്നിവയുടെ സംഭരണം, സംസ്കരണം, വിതരണം, വിൽപന അവയുടെ ചരക്കുനീക്കം, വിതരണശൃംഖല

2.5.2. കോഴി ഫാമുകൾ, ഹാച്ചറികൾ എന്നിവയുൾപ്പെടെയുള്ള മൃഗവളർത്തൽ കേന്ദ്രങ്ങൾ, കന്നുകാലി വളർത്തൽ

2.5.3. കാലിത്തീറ്റ ഉൽപ്പാദനകേന്ദ്രങ്ങൾ, ഫീഡ് പ്ലാന്റുകൾ, ചോളം, സോയ തുടങ്ങിയ അസംസ്കൃതപദാർത്ഥങ്ങളുടെ വിതരണം

2.5.4. മൃഗപരിപാലനകേന്ദ്രങ്ങളുടെ പ്രവർത്തനം

2.5.5. പൗൾട്ടി/പൗൾട്ടി ഉൽപ്പന്നങ്ങൾ എന്നിവയുടെ ചരക്കുനീക്കം

## 3. സാമ്പത്തിക മേഖല

3.1. റിസർവ് ബാങ്ക്, റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള സാമ്പത്തിക വിപണികൾ, NPCI, CCIL എന്നീ സ്ഥാപനങ്ങൾ, പേയ്മെന്റ് സിസ്റ്റം ഓപ്പറേറ്റർമാരും സ്റ്റാൻഡ് എലോൺ പ്രൈമറി ഡീലർമാരും കൂടാതെ കേരളസർക്കാരിന്റെ ധനകാര്യ സ്ഥാപനങ്ങളും സഹകരണ ബാങ്കുകളും

3.2. ബാങ്ക് ശാഖകൾ, എ.ടി.എമ്മുകൾ, ബാങ്കിങ്ങ് പ്രവർത്തനങ്ങൾക്കുള്ള ഐ.ടി സേവനദാതാക്കൾ, ബാങ്കിങ്ങ് കറസ്പോണ്ടന്റുകൾ, എ.ടി.എം. ഓപ്പറേഷൻ & ക്യാഷ് മാനേജ്മെന്റ് ഏജൻസികൾ

3.3. DBT ക്യാഷ് ട്രാൻസ്ഫർ പൂർത്തിയാകുന്നതുവരെ ബാങ്ക് ശാഖകൾ സാധാരണ പ്രവർത്തി സമയം തുറന്നു പ്രവർത്തിക്കാവുന്നതാണ്

3.4. ബാങ്ക് ശാഖകൾ, ബാങ്കിങ്ങ് കറസ്പോണ്ടന്റുകൾ എന്നിവയ്ക്ക് സാമൂഹിക അകലം പാലിക്കുന്നതിനും സുഗമമായി പ്രവർത്തിക്കുന്നതിനും ഉപഭോക്താക്കൾ കൂട്ടം കൂടുന്നത് ഒഴിവാക്കുന്നതിനും വേണ്ട സുരക്ഷാ സൗകര്യങ്ങൾ ജില്ലാ ഭരണകൂടം നൽകേണ്ടതാണ്.

3.5. സെബി, സെബി നോട്ടിഫൈ ചെയ്തിട്ടുള്ള ക്യാപ്പിറ്റൽ/ഡെറ്റ് മാർക്കറ്റ് സർവ്വീസുകൾ

3.6. ഇൻഷ്വറൻസ് റെഗുലേറ്ററി & ഡവലപ്പ്മെന്റ് അതോറിറ്റിയും (IRDAI) ഇൻഷ്വറൻസ് കമ്പനികളും

3.7. മിനിമം ജീവനക്കാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് നോൺ ബാങ്കിങ്ങ് ധനകാര്യ സ്ഥാപനങ്ങൾ (ഭവന ധനകാര്യ കമ്പനികളും(HCFs) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും (NBFC-MFIs) ഉൾപ്പെടെ)

3.8. കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റികൾ

## 4. സാമൂഹിക മേഖല

4.1. കുട്ടികൾ, അംഗപരിമിതർ, മാനസിക വെല്ലുവിളി ഉയർത്തുന്നവർ, മുതിർന്ന പൗരന്മാർ, നിരാലംബർ, സ്ത്രീകൾ, വിധവകൾ എന്നിവരുടെ സംരക്ഷണ കേന്ദ്രങ്ങൾ/വീട് തുടങ്ങിയവയുടെ പ്രവർത്തനം. ഒപ്പം മുതിർന്ന പൗരൻമാർക്ക് അവരുടെ വീടുകളിൽ സഹായവും സംരക്ഷണവും നൽകുന്ന ജോലിയിലേർപ്പെട്ടിരിക്കുന്നവർ

4.2. ഒബ്സർവേഷൻ ഹോംസ്, ആഫ്റ്റർ കെയർ ഹോംസ്, ജുവനൈൽസിന്റെ സംരക്ഷണ കേന്ദ്രങ്ങൾ

4.3. വാർദ്ധക്യകാല/വിധവ/സ്വാതന്ത്ര്യസമര പെൻഷനുകൾ തുടങ്ങി എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണവും, എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ വഴിയുള്ള സേവനങ്ങളും

4.4. അംഗൻവാടികളുടെ പ്രവർത്തനം - കുട്ടികൾ, സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയ ഗുണഭോക്താക്കളുടെ വീടുകളിൽ 15 ദിവസത്തിലൊരിക്കൽ ഭക്ഷണ/പോഷക വസ്തുക്കൾ എത്തിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഇതിനായി അംഗൻവാടികളിൽ എത്തേണ്ടതില്ല.

**5. ഓൺലൈൻ വിദ്യാഭ്യാസം / വിദൂര വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കേണ്ടതാണ്.**

5.1. എല്ലാ വിദ്യാഭ്യാസ/പരിശീലന/കോച്ചിങ്ങ് കേന്ദ്രങ്ങളും സമാനമായ സ്ഥാപനങ്ങളും അടച്ചിടേണ്ടതാണ്.

5.2. എന്നാൽ ഈ സ്ഥാപനങ്ങൾ ഓൺലൈൻ ടീച്ചിങ്ങിലൂടെ അക്കാദമിക് ഷെഡ്യൂൾ പിന്തുടരേണ്ടതാണ്.

5.3. വിദ്യാഭ്യാസ ആവശ്യത്തിന് ദൂരദർശൻ / മറ്റ് വിദ്യാഭ്യാസ ചാനലുകൾ എന്നിവയുടെ സേവനം പരമാവധി വിനിയോഗിക്കേണ്ടതാണ്.

**6. MGNREGA & അയ്യങ്കാളി എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം പ്രവർത്തികൾ അനുവദിക്കേണ്ടതാണ്.**

6.1. സാമൂഹിക അകലം / മുഖാവരണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6.2. ജലസേചനം / ജലസംരക്ഷണ പ്രവർത്തികൾക്കും കിണർ കുഴിക്കുന്നതിനും ശുചീകരണത്തിനും പ്രാമുഖ്യം നൽകേണ്ടതാണ്.

6.3. ജലസേചനം / ജലസംരക്ഷണം / വനവൽക്കരണം തുടങ്ങിയ മേഖലകളിലെ മറ്റ് കേന്ദ്ര-സംസ്ഥാന പ്രവർത്തികളും നടപ്പിലാക്കാവുന്നതാണ്. MGNREGA വഴിയുള്ള പ്രവർത്തികളുമായി ഇവയെ അനുയോജ്യമായി കൂട്ടിയിണക്കാവുന്നതാണ്.

6.4. ഒരു സംഘത്തിൽ 5 അവിദഗ്ധ തൊഴിലാളികളിൽ അധികം അനുവദനീയമല്ല.

**7. പൊതു സേവനങ്ങൾ**

7.1 എണ്ണയും, പ്രകൃതി വാതക മേഖലയുമായി ബന്ധപ്പെട്ട പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പ്രകൃതിവാതകം, പാചകവാതകം മുതലായവയുടെ ശുദ്ധീകരണം, ഗതാഗതം, വിതരണം, സംഭരണം കൂടാതെ ചെറുകിട വില്പന പ്രവർത്തനങ്ങൾ

7.2 വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം

7.3 പോസ്റ്റോഫീസ് ഉൾപ്പെടെയുള്ള പോസ്റ്റൽസർവ്വീസുകൾ

7.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ അംഗീകൃത ഏജൻസികളോ ഏറ്റെടുത്തു നടത്തുന്ന ജലവിഭവ, ശുചീകരണ, മാലിന്യ ശേഖരണ മേഖലകളിലെ പ്രവർത്തനങ്ങൾ

7.5 മൊബൈൽ റീചാർജ് സെന്ററുകൾ ഉൾപ്പെടെ വാർത്താവിനിമയവും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ

7.6 അക്ഷയ സെന്ററുകൾ

**8. ചരക്ക കയറ്റിറക്കൽ (സംസ്ഥാനത്തിനകത്തും പുറത്തും) ചുവടെ ചേർക്കുംപ്രകാരം അനുവദനീയമാണ്**

8.1 എല്ലാ തരത്തിലുള്ള ചരക്കുനീക്കത്തിനുമുള്ള അനുവാദം

8.2 റെയിൽവേ മുഖേനയുള്ള ചരക്കുകളുടേയും പാഴ്സലുകളുടേയും നീക്കം

8.3 ചരക്ക നീക്കത്തിനും രക്ഷാപ്രവർത്തനത്തിനും ആവശ്യമായ വ്യോമ ഗതാഗതത്തിനായി എയർപോർട്ടുകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും പ്രവർത്തനങ്ങൾ

8.4 ചരക്ക നീക്കത്തിനും ചരക്ക ഗതാഗതത്തിനുമായുള്ള തുറമുഖങ്ങളുടെയും ഉൾനാടൻ കണ്ടെയിനർ ഡിപ്പോകളുടെയും (ICD) അംഗീകൃത കസ്റ്റംസ് ക്ലിയറിംഗ് & ഫോർവേഡിങ്ങ് ഏജൻസികളുടെ പ്രവർത്തനം

8.5 പെട്രോളിയം ഉല്പന്നങ്ങൾ, എൽ.പി.ജി., ഭക്ഷണസാധനങ്ങൾ, മെഡിക്കൽ സപ്ലൈസ് എന്നിവയുടെ ക്രോസ് ലാൻഡ് ബോർഡർ ചരക്കുനീക്കം സുഗമമാക്കുന്നതിന് ലാൻഡ് പോർട്ടുകളുടെ പ്രവർത്തനം

8.6 എല്ലാ ട്രക്കുകൾ/ ചരക്ക വാഹനങ്ങൾ എന്നിവയുടെ ഗതാഗതം (ചരക്ക് ഉൾപ്പെടെ/ പിക്ക് അപ്പിനായി/ ഡെലിവറിക്കുശേഷം) രണ്ടു ഡ്രൈവർമാർ (സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണ്), ഒരു ഹെൽപ്പർ എന്നിവരുടെ മാത്രം സേവനം ഉപയാഗപ്പെടുത്തി നടത്താവുന്നതാണ്

8.7 ഹൈവേകളിൽ ട്രക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള സ്ഥാപനങ്ങളും ഡാബകളും (കർശനമായ ശാരീരിക അകല മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രം)

8.8 റയിൽവെ, വിമാനത്താവളങ്ങൾ/എയർ കാരിയർ, തുറമുഖങ്ങൾ, കപ്പലുകൾ, ലാൻഡ് പോർട്ട്, ഐ.സി.ഡി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി അതത് സ്ഥാപനങ്ങളുടെ അനുമതിയുള്ള ജീവനക്കാർക്കും, കരാർ ജീവനക്കാർക്കും ജില്ലാ കളക്ടറോ, ജില്ലാ പോലീസ് മേധാവിയോ അനുവദിക്കുന്ന പാസ് മുഖേനയുള്ള സഞ്ചാരം. ഇത്തരം പാസ്സുകളിൽ ഏതുസ്ഥലത്തേക്കാണ് എത്തിച്ചേരാൻ അനുവാദം നല്കിയിട്ടുള്ളതെന്ന് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം

**9. അവശ്യസാധനങ്ങളുടെ വിതരണം ചുവടെ പറയുംപ്രകാരം അനുവദിച്ചിരിക്കുന്നു.**

9.1 അവശ്യവസ്തുക്കളുടെ വിതരണശൃംഖലയുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും (നിർമ്മാണം, തദ്ദേശീയവും അല്ലാതെയുമുള്ള കടകൾ, ഇ-വാണിജ്യ സ്ഥാപനങ്ങൾ മൊത്ത/ചില്ലറ വിൽപ്പന ഇവയിലൂടെയുള്ള വിപണനവും വിൽപ്പനയും ഉൾപ്പെടെ)

1. കർശനമായ സാമൂഹ്യ അകലം പാലിക്കണമെന്ന വ്യവസ്ഥയിൽ പ്രവർത്തനാനുമതി നൽകാവുന്നതാണ്. ഇതിൽ നഗര പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബ്രഡ് ഫാക്ടറി, പാൽ സംസ്കരണ പ്ലാന്റുകൾ, ധാന്യം പൊടിക്കുന്ന മില്ലുകൾ, ദാൽ മില്ലുകൾ എന്നിവയും ഉൾപ്പെടും

9.2 കർശനമായ സാമൂഹ്യ അകലം പാലിക്കണമെന്ന വ്യവസ്ഥയിൽ രാവിലെ ഏഴു മണിമുതൽ വൈകുന്നേരം ഏഴു മണിവരെ പൊതുവിതരണ സമ്പ്രദായത്തിൻകീഴിലുള്ള റേഷൻ കടകൾ, ഭക്ഷ്യ വസ്തുക്കൾ, പലവ്യഞ്ജനങ്ങൾ, ശുചീകരണ സാമഗ്രികൾ, പഴവും പച്ചക്കറികളും, ക്ഷീര ഉല്പന്നങ്ങൾ, പൗൾട്രീ, മത്സ്യവും മാംസവും, കന്നുകാലി തീറ്റയും, തീറ്റപ്പുല്ലും മുതലായവ വില്പന നടത്തുന്ന ചെറുകിട കടകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കാനുള്ള അനുമതി.

9.3 വ്യക്തികളുടെ സഞ്ചാരം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോം ഡെലിവറി സൗകര്യങ്ങൾ ജില്ലാ ഭരണകൂടങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**10. വാണിജ്യ/സ്വകാര്യസ്ഥാപനങ്ങളും ചുവടെ ചേർക്കുംപ്രകാരം പ്രവർത്തിക്കാൻ അനുമതി നൽകുന്നു.**

10.1 സംപ്രേക്ഷണം, ഡി.റ്റി.എച്ച്., കേബിൾ സർവ്വീസുകൾ എന്നിവ ഉൾപ്പെടെയുള്ള അച്ചടി ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ

10.2 50% ജീവനക്കാർ വരെ മാത്രം എന്ന വ്യവസ്ഥയിൽ ഐ.റ്റി.യും അനുബന്ധ സ്ഥാപനങ്ങളും

10.3 സർക്കാർ ആവശ്യങ്ങൾക്കായുള്ള കാൾ സെന്ററുകളും ഡാറ്റാ സെന്ററുകളും.

10.4 കൊറിയർ സർവ്വീസ്

10.5 എല്ലാ കോൾഡ് സ്റ്റോറേജ്, വെയർഹൗസിംഗ് സേവനങ്ങളും (തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേസ്റ്റേഷനുകൾ, കണ്ടെയ്നർ ഡിപ്പോകൾ, വ്യക്തിഗത സ്ഥാപനങ്ങൾ എന്നിവയിൽ ഉൾപ്പെടെയുള്ളവ) ബന്ധപ്പെട്ട സേവനശൃംഖലകളും

10.6 സ്വകാര്യ സുരക്ഷാ സേവനങ്ങളും സൗകര്യങ്ങളും, പാർപ്പിട സമുച്ചയങ്ങളുടെയും ഓഫീസ് അറ്റകുറ്റപണികളുടെയും പരിപാലനത്തിനുമായുള്ള മാനേജ്മെന്റ് സേവനങ്ങൾ

10.7 ലോക്ക്ഡൗൺ മൂലം ഒറ്റപ്പെട്ടുപോയ ടൂറിസ്റ്റുകൾ, ആരോഗ്യ മെഡിക്കൽ മേഖല ഉൾപ്പെയുള്ള അവശ്യസർവീസ് ജീവനക്കാർ, വിമാന, കപ്പൽ ജീവനക്കാർ തുടങ്ങിയവരെ താമസിപ്പിച്ചിരിക്കുന്ന ഹോട്ടലുകൾ, ലോഡ്ജുകൾ, ഹോം സ്റ്റേകൾ

10.8 ക്വാറന്റൈൻ ചെയ്യുന്നതിനായി ഉപയോഗിക്കുന്നതോ മാറ്റിയിട്ടതോ ആയ സൗകര്യങ്ങൾ

10.9 ഇലക്ട്രീഷ്യൻ, ഐ.റ്റി. സംബന്ധമായ അറ്റകുറ്റപ്പണി ചെയ്യുന്നവർ, പ്ലംബർമാർ, മോട്ടോർ മെക്കാനിക്കുകൾ, കാർപ്പന്റർമാർ, ഹോം നഴ്സുമാർ, വീട്ടു ജോലിക്കാർ തുടങ്ങിയ സ്വയംതൊഴിലിലേർപ്പെട്ടവരുടെ സേവനം. വീട്ടുജോലികൾ ചെയ്യുന്നവരും ഹോം മെയ്ഡുകളും ഒരു ഭവനത്തിൽ മാത്രമെ പോകുവാൻ പാടുള്ളൂ.

10.10 ഇലക്ട്രിക്കൽ / ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്ന സ്ഥാപനങ്ങൾ

10.11 നിർമ്മാണ സാമഗ്രികളുടെ വിൽപ്പനയും ചരക്കു നീക്കവും ( സിവിലും ഇലക്ട്രിക്കലും)

10.12 റസ്റ്റാറന്റുകൾ - രാത്രി 8 മണി വരെ ഭക്ഷണം പാർസൽ ആയി നൽകാവുന്നതാണ്, രാത്രി 10 മണിവരെ ഓൺലൈൻ/ഡോർ ഡെലിവറി അനുവദിക്കുന്നതാണ്.

10.13 വിദ്യാർത്ഥികൾക്കായിട്ടുള്ള പഠന പുസ്തകങ്ങൾ വിൽക്കുന്ന കടകൾ

10.14 ഇലക്ട്രിക് ഫാനുകൾ വിൽക്കുന്ന കടകൾ

## 11. താഴെ പറയുന്ന വ്യവസായങ്ങളും വ്യാവസായിക സ്ഥാപനങ്ങളും (സർക്കാർ/ സ്വകാര്യം) പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ്.

11.1 ആയുർവേദമുൾപ്പടെയുള്ള മരുന്നു നിർമ്മാണം

11.2 പ്രത്യേക സാമ്പത്തിക മേഖലകളിൽ പ്രവർത്തിക്കുന്ന ഉൽപ്പാദനാദിഷ്ഠിതവും അല്ലാതെയുമുള്ള വ്യവസായ സ്ഥാപനങ്ങൾ, കയറ്റുമതിയധിഷ്ഠിത യൂണിറ്റുകൾ, വ്യവസായ എസ്റ്റേറ്റുകളും ടൗൺഷിപ്പുകളും. പ്രസ്തുത സ്ഥാപനങ്ങൾ കഴിവതും തങ്ങളുടെ തൊഴിലാളികളെ അതതു സ്ഥാപനങ്ങൾക്കകത്തു തന്നെയോ അല്ലെങ്കിൽ അവയോട് ചേർന്നു കിടക്കുന്ന കെട്ടിടങ്ങളിലോ താമസിപ്പിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കേണ്ടതാണ്. തൊഴിലാളികൾക്ക് ജോലി സ്ഥലത്തേക്കുള്ള യാത്രക്കായി സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള പ്രത്യേക യാത്രാ സൗകര്യം തൊഴിൽദാതാവ് ഒരുക്കേണ്ടതാണ്

11.3 ഔഷധങ്ങൾ, ഔഷധസംബന്ധിയായ മറ്റ് സംഗതികൾ, മെഡിക്കൽ ഉപകരണങ്ങൾ, അവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, ഇന്റർമീഡിയറികൾ എന്നിവ ഉൾപ്പടെയുള്ള അവശ്യ സാധനങ്ങളുടെ ഉൽപ്പാദന യൂണിറ്റുകൾ

11.4 ഭക്ഷ്യ സംസ്കരണ വ്യവസായം

11.5 തുടർച്ചയായ ഉല്പാദന പ്രക്രിയയും അവയുടെ വിതരണ ശൃംഖലയും ആവശ്യമായ ഉല്പാദന യൂണിറ്റുകൾ പ്രത്യേകിച്ച് സിമന്റ്, സ്റ്റീൽ, രാസവളം യൂണിറ്റുകൾ

11.6 ഐ.ടി ഹാർഡ് വെയർ ഉല്പാദനം

11.7 ഖനനവും ധാതു ഉൽപാദനവും ക്വാറിയിങ്ങും അവയുമായി ബന്ധപ്പെട്ട ചരക്കു നീക്കം അവക്കാവശ്യമായ സ്ഫോടകവസ്തുക്കളുടെ വിതരണം, ഖനനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ

11.8 പാക്കേജിങ്ങ് സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ

11.9 സാമൂഹിക അകലവും ഷിഫ്റ്റുകൾ ക്രമീകരിച്ചും തുണി/കൈത്തറി വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ്. എന്നാൽ തുണിക്കടകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല

11.10 ഗ്രാമീണ മേഖലകളിലെ (മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും പുറത്ത്) ഇഷ്ടിക ചൂളകൾ

11.11 റബ്ബറിന്റെ സംഭരണവും സംസ്കരണവും

11.12 കശുവണ്ടി, നാളികേരം, വെളിച്ചെണ്ണ, കയർ,ഖാദി വ്യവസായങ്ങൾ

11.13 ഗ്രാമീണ മേഖലകളിലും മുൻസിപ്പാലിറ്റികളിലും (മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് പുറത്ത്) ഉള്ള എല്ലാ ചെറുകിട വ്യവസായ യൂണിറ്റുകളും (MSME)

11.14 നോട്ടുബുക്ക് നിർമ്മാണ യൂണിറ്റുകൾ

## 12. താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതാണ്

12.1 റോഡുകൾ, ജലസേചന പദ്ധതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, ഗ്രാമീണ മേഖലയിലെ MSME ഉൾപ്പെടെയുള്ള എല്ലാ വ്യവസായ പദ്ധതികൾ, ജലവിതരണം, ശുചീകരണ പ്രവർത്തനങ്ങൾ, ടെലികോം ഓപ്റ്റിക്കൽ ശൃംഖലകളുടെ സ്ഥാപിക്കൽ ശുചീകരണം, വൈദ്യുത വിതരണ ശൃംഖലകളുടെ സ്ഥാപനം, ഇവയുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തികൾ, പുനരുപയോഗിക്കാവുന്ന ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ

12.2 വ്യക്തിശുചിത്വം പാലിക്കുന്നതിന് സാമൂഹ്യ അകലം പാലിക്കുന്നതിലും യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നതല്ല. ഇതിനായുള്ള ക്രമീകരണം ഒരുക്കേണ്ടത് തൊഴിൽ ദാതാവിന്റെ ചുമതലയായിരിക്കും.. പനി, ചുമ മുതലായ രോഗലക്ഷണങ്ങൾ ഉള്ള ഒരാളെയും യാതൊരു കാരണവശാലും ജോലിക്ക് നിയോഗിക്കരുത്. അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിശോധന ബന്ധപ്പെട്ട കരാറുകാരന്റെയോ തൊഴിൽ ദാതാവിന്റെയോ ഉത്തരവാദിത്തമായിരിക്കും

12.3 നിർമ്മാണസ്ഥലത്ത് അത്യാവശ്യ ജോലികൾക്കാവശ്യമായ അവശ്യം തൊഴിലാളികളെ മാത്രമേ നിയോഗിക്കാവൂ. ജീവിതവൃത്തി ഉറപ്പാക്കുന്നതിനായി അതിഥി തൊഴിലാളികളെ പ്രവൃത്തി സ്ഥലങ്ങളിൽ കഴിയുന്നത്ര നിയോഗിക്കേണ്ടതാണ്

## 13. താഴെപറയുന്ന സംഗതികളിൽ വ്യക്തികളുടെ സഞ്ചാരം അനുവദിക്കുന്നതാണ്

13.1 ഒറ്റ ഇരട്ട അക്ക നമ്പറിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ ഗതാഗതം ഒന്നിടവിട്ട ദിവസങ്ങളിൽ അനുവദിക്കുന്നതാണ്. ഒറ്റ അക്കം നമ്പർ വാഹനങ്ങൾ, തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കം നമ്പർ വാഹനങ്ങൾ ചെവ്വ, വ്യാഴം, ശനി ദിവസങ്ങളിലും അനുവദിക്കുന്നതാണ്. ഒറ്റ ഇരട്ട സ്കീം ഞായറാഴ്ചകളിൽ ബാധകമാകില്ല.
അവശ്യ സേവനങ്ങൾ, അടിയന്തരഘട്ടങ്ങൾ, സർക്കാർ/സർക്കാർ ഏജൻസികൾ/ബാങ്കുകൾ, അടിയന്തിര ജോലിക്കായി നിയോഗിച്ചിരിക്കുന്ന ജീവനക്കാർ,സ്വകാര്യ സർക്കാർ മേഖലയിലുള്ള ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകർ, ഇലക്ട്രിക് വാഹനങ്ങൾ ഓടിക്കുന്നവർ എന്നീ വിഭാഗങ്ങളെ പ്രസ്തുത വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്നു. ഒറ്റയ്ക്കോ സഹായികളോടൊപ്പമോ യാത്ര ചെയ്യുന്ന വനിതകൾ, അംഗപരിമിതർ എന്നിവരെയും മേൽ നിബന്ധനകളിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. നാലുചക്ര വാഹനങ്ങളിൽ ഡ്രൈവറെകൂടാതെ പിൻസീറ്റിൽ രണ്ടു യാത്രക്കാരും ഇരുചക്ര വാഹനങ്ങളിൽ വാഹനം ഓടിക്കുന്ന ആളും മാത്രമേ അനുവദനീയമായിട്ടുള്ളൂ. കുടുംബാഗംമാണെങ്കിൽ മാത്രം ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റു യാത്ര അനുവദിക്കുന്നതാണ്.

13.2 സംസ്ഥാന സർക്കാർ/ പ്രാദേശിക അതോറിറ്റികൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ലോക്ക്ഡൗണിൽ നിന്നും ഒഴിവു നൽകിയിട്ടുള്ള വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന എല്ലാവർക്കും തങ്ങളുടെ ജോലി സ്ഥലത്തേയ്ക്കും തിരിച്ചുമുള്ള യാത്ര അനുവദിക്കുന്നതാണ്.

13.3 വ്യാവസായിക, ഉൽപ്പാദന, നിർമ്മാണ, കാർഷിക, തൊഴിലുറപ്പ് ജോലികൾക്കായി അതിഥി തൊഴിലാളികളെ സംസ്ഥാനത്തിനകത്ത് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ച് കൊണ്ടുപോകാവുന്നതാണ്.

13.3.1 റിലീഫ്/ഷെൽറ്റർ ക്യാമ്പുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികളെ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ അവർക്ക് വൈദഗ്ധ്യമുള്ള ജോലിയുടെ അടിസ്ഥാനത്തിൽ സ്കിൽ മാപ്പിംഗ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

13.3.2 സംസ്ഥാനത്തിനകത്ത് ഒരു സംഘം അതിഥി തൊഴിലാളികൾക്ക് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തുനിന്നും അവർ ജോലിചെയ്തിരുന്ന സ്ഥലത്തേക്ക് പോകാൻ ആഗ്രഹമുണ്ടെങ്കിൽ അവരെ പരിശോധനകൾക്ക് വിധേയമാക്കി രോഗലക്ഷണമില്ലാത്തവർക്ക് മാത്രം ജോലിസ്ഥലത്തേക്ക് കൊണ്ടുപേകാവുന്നതാണ്.

13.3.3 സംസ്ഥാനത്തിന് പുറത്തേക്കുള്ള യാത്ര ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

13.3.4 അതിഥി തൊഴിലാളികളെ ബസ്സുകളിൽ കൊണ്ടു പോകുമ്പോൾ ശാരീരിക അകലം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും യാത്രക്കായി ഉപയോഗിക്കുന്ന വാഹനം ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അണുവിമുക്തമാക്കേണ്ടതുമാണ്.

13.3.5 യാത്രാവേളയിൽ ആഹാരവും കുടിവെള്ളവും തദ്ദേശസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

13.3.6 കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് 2020 ഏപ്രിൽ 15 ന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം-1) കൃത്യമായും പാലിക്കേണ്ടതാണ്.

13.4 മാർഗ്ഗനിർദ്ദേശങ്ങളിൽ ഒഴിവുനൽകിയിട്ടുള്ള മേഖലകളിലുള്ള തൊഴിലാളികളെയും ജീവനക്കാരെയും കൊണ്ടുപോകുന്നതിനായി മാത്രമെ ജില്ലക്കകത്തുള്ള ബസ് യാത്രകൾ അനുവദിക്കുകയുള്ളൂ. പൊതു ഗതാഗതം അനുവദിക്കുന്നതല്ല.

13.5 ഇന്ത്യൻ സീ ഫെയറേഴ്സിന്റെ ഇന്ത്യൻ തുറമുഖങ്ങളിലുള്ള സൈൻ-ഓൺ/സൈൻ-ഓഫ് ഇവയും ഇതിനായുള്ള ഇവരുടെ യാത്രയും കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2020 ഏപ്രിൽ 21 ന് പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രകാരം മാത്രമായിരിക്കണം. (അനുബന്ധം-2)

13.6 ഗർഭിണികളായ സ്ത്രീകൾ, കേരളത്തിൽ അത്യാവശ്യ ചികിത്സ നേടേണ്ടവർ, മരണാസന്നരായ ബന്ധുക്കളെ കാണാനെത്തുന്നവർ, ബന്ധുക്കളുടെ മരണത്തിനെത്തുന്നവർ എന്നിവർക്ക് സംസ്ഥാനാന്തര യാത്ര സർക്കാർ ഉത്തരവ് (സാധാ) നം. 1330/2020/പൊ.ഭ.വ, തീയതി 15.4.2020 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്നതാണ് (അനുബന്ധം-3)

## 14. കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ താഴെപറയും പ്രകാരം തുറന്നു പ്രവർത്തിക്കേണ്ടതാണ്.

14.1 ഡിഫൻസ്, സെൻട്രൽ ആംഡ് പോലീസ് ഫോഴ്സസ്, ആരോഗ്യം, ദുരന്തനിവാരണം, മുന്നറിയിപ്പ് സംവിധാനങ്ങൾ (IMD, INCOIS, SASE, National Centre for Seismology, CWC), നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC), ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (FCI), എൻ.സി.സി, നെഹ്റു യുവ കേന്ദ്ര, കസ്റ്റംസ് എന്നിവ പൂർണ്ണമായും പ്രവർത്തിക്കുന്നതാണ്.

14.2 റവന്യൂ, പോലീസ്, ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ്, ഫയർ & എമർജൻസി സർവ്വീസുകൾ, വിവര പൊതുജനസമ്പർക്ക വകുപ്പ്, ജയിലുകൾ, ലൈസൻസികൾ ഉൾപ്പെടെ ലീഗൽ മെട്രോളജി വകുപ്പ്, മുനിസിപ്പൽ-പഞ്ചായത്ത് ഓഫീസുകൾ എന്നിവയും പൂർണ്ണമായും പ്രവർത്തിക്കേണ്ടതാണ്.

14.3 സംസ്ഥാനസർക്കാരിനു കീഴിലുള്ള മറ്റെല്ലാ വകുപ്പുകളും നിയന്ത്രിത എണ്ണം ജീവനക്കാരുമായി പ്രവർത്തിക്കും. ഗ്രൂപ്പ്-എ & ബി ഉദ്യോഗസ്ഥർ 50% ഓഫീസിലെത്തേണ്ടതാണ്. ഗ്രൂപ്പ് സി & ഡി വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ സാമൂഹിക അകലം ഉറപ്പുവരുത്തിക്കൊണ്ട് ആവശ്യത്തിനനുസരിച്ച് പരമാവധി 33% പേർ ഹാജരാകേണ്ടതാണ്. ശേഷിക്കുന്ന ജീവനക്കാർ വീട്ടുകളിലിരുന്ന് ഔദ്യോഗിക കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതും ആവശ്യമെങ്കിൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം ഓഫീസിൽ എത്തേണ്ടതുമാണ്. എന്നിരുന്നാലും പൊതുജനങ്ങൾക്കുള്ള സേവനം നൽകാൻ ആവശ്യമായ ജീവനക്കാരെ വിന്യസിക്കേണ്ടതാണ്. തൊട്ടടുത്തുള്ള ജില്ലകളിലേക്ക് ജീവനക്കാർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് യാത്ര ചെയ്യാവുന്നതും ഇതിനായി ഔദ്യോഗിക തിരിച്ചറിയൽരേഖ ഉപയോഗിക്കേണ്ടതുമാണ്.

14.4 ജില്ലാഭരണകൂടം, ട്രഷറി, അക്കൗണ്ടന്റ് ജനറൽ ഓഫീസ് അതിനു കീഴിലുള്ള ഫീൽഡ് ഓഫീസുകൾ തുടങ്ങിയവ പരിമിതമായ ജീവനക്കാരുടെ സേവനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതാണ്. പൊതുജനങ്ങൾക്കുള്ള സേവനം ഉറപ്പാക്കേണ്ടതാണ്.

14.5. ന്യൂഡൽഹിയിലെ സംസ്ഥാന റസിഡന്റ് കമ്മീഷണറുടെ ഓഫീസ്, കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ഇന്റേണൽ കിച്ചൺ പ്രവർത്തനത്തിനുമായി മാത്രം പ്രവർത്തിക്കേണ്ടതാണ്.

14.6 ഫോറസ്റ്റ് ഓഫീസുകൾ- മൃഗശാലകൾ, നേഴ്സറികൾ, വന്യജീവികൾ എന്നിവയുടെ പരിപാലനം, കാട്ടുതീ തടയൽ, തോട്ടങ്ങളിലെ ജലസേചനം, പട്രോളിങ്ങ് ഇതിനാവശ്യമായ ഗതാഗതം.

14.7 33% ജീവനക്കാരെ വിന്യസിച്ചുകൊണ്ട് എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും

14.8. എല്ലാ സർക്കാർ ഓഫീസുകൾക്കും ഇനിയൊരുത്തരവുണ്ടാകുന്നതുവരെ ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളിവരെ അഞ്ച് പ്രവർത്തിദിനങ്ങളായിരിക്കും.

14.9 കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ നിയോഗിക്കുന്ന സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ

15. മുഖാവരണം ധരിച്ചുകൊണ്ടും ശാരീരിക അകലം പാലിച്ചുകൊണ്ടും ഹോട്ട്സ്പോട്ടുകൾ ഒഴികെയുള്ള മേഖലകളിൽ പ്രഭാത സവാരിയും ജോഗിങ്ങും അനുവദിക്കാവുന്നതാണ്.

16. എല്ലാവരും പൊതുയിടങ്ങളിൽ നിർബന്ധമായും മുഖാവരണം ധരിക്കേണ്ടതാണ്.

17. ജോലി സ്ഥലങ്ങളിലും ഫാക്ടറികളിലും മറ്റ് സ്ഥാപനങ്ങളിലും ശാരീരിക അകലവും മറ്റ് നിബന്ധനകളും പാലിക്കുന്നുണ്ട് എന്ന് എല്ലാ വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും ഉറപ്പാക്കേണ്ടതാണ്.

18. ആവശ്യമെങ്കിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കുപരിയായുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ജില്ലാ ദുരന്തനിവരാണ അതോറിറ്റിക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

ലോക്ക്ഡൗണുമായും ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഏതെങ്കിലും ആളുകൾ ലംഘിക്കുകയാണെങ്കിൽ 2005 ലെ ദുരന്തനിവാരണ നിയമത്തിന്റെ 51 മുതൽ 60 വരെയുള്ള വകുപ്പുകൾ പ്രകാരവും, ഇന്ത്യൻ പീനൽ കോഡിന്റെ 188 -ാം വകുപ്പ് പ്രകാരവും, ഉചിതമായ മറ്റ് ചട്ടങ്ങൾ പ്രകാരവും നിയമനടപടികൾക്ക് വിധേയനാകേണ്ടിവരും. (ചട്ടങ്ങളുടെ ബന്ധപ്പെട്ട ഭാഗങ്ങൾ അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു).

നിർവ്വഹണച്ചുമതലയുള്ള എല്ലാ വിഭാഗങ്ങളും മുകളിലുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കേണ്ടതാണ്. അതത് ജില്ലകളിൽ ജില്ലാ ദുരന്തനിവരാണ അതോറിറ്റി ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കും.